**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6520** **20-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന സമൂഹത്തിലെ വിദ്യാഭ്യാസ, സാമൂഹിക, തൊഴിൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന സമൂഹത്തിലെ വിദ്യാഭ്യാസവും സാമൂഹിക തൊഴിൽ അവസ്ഥയും കൃത്യമായി കണക്കാക്കുന്നതിന് സമഗ്ര സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിക്കുന്ന വിവര ശേഖരണത്തിനായി ഫിഷറീസ് വകുപ്പ് ഓരോ 10 വർഷം കൂടുമ്പോഴും സോഷ്യോ ഇക്കണോമിക് സർവ്വേ നടത്തിവരുന്നു. ഈ സർവ്വേയിലൂടെ മത്സ്യ ത്തൊഴിലാളികളുടെ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ എന്നിവ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചു വരുന്നു. 2013 ലാണ് അവസാനമായി ഈ സർവ്വേ നടത്തിയിട്ടുള്ളത്. ഇതുവരെയും സാമ്പിൾ സർവ്വേ രീതിയിലാണ് ഫീൽഡിൽ നിന്നും വിവര ശേഖരണം നടത്തിയിരുന്നത്. എന്നാൽ 2023 വർഷത്തിൽ ഇത് എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും വിവര ശേഖരണം ഉറപ്പാക്കുന്ന സെൻസസ് ആയാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 100% ജി.ഐ.എസ്. ബേസ്ഡ് ഡേറ്റ ആണ് ഈ വർഷത്തെ സെൻസസിലൂടെ ശേഖരിക്കുന്നത്. സോഷ്യോ ഇക്കണോമിക് സർവ്വേ 2023- ന്റെ പ്രാരംഭ ഘട്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. ഫീൽഡ് തല ഡാറ്റ ശേഖരണം ഉടൻ തന്നെ തുടങ്ങുന്നതാണ്. 2013 വർഷത്തെ സർവ്വേ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സാമൂഹിക-സാമ്പത്തിക സർവ്വേ 2013-ആമുഖം

- മത്സ്യബന്ധന മേഖല ഏകദേശം 3.21 ലക്ഷം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്നു. ഇത് സംസ്ഥാനത്തെ ഒരു പ്രധാന തൊഴിൽ മേഖലയാക്കി മാറ്റുന്നു.
- സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ 1.58 % സംഭാവന ചെയ്യുന്നത് മത്സ്യബന്ധന വിഭവങ്ങളാണ്.
- രാജ്യത്ത് നിന്ന് കയറ്റമതി ചെയ്യുന്ന സമുദ്രോത്പന്നങ്ങളുടെ 16 ശതമാനവും കേരളത്തിൽ നിന്നുമാണ്. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൻറെ സംഭാവന 15 ശതമാനം ആണ്
- മുൻവർഷങ്ങളിൽ 40 % വരെ മത്സ്യ ഉത്പാദനം കേരളം സംഭാവന ചെയ്തിരുന്നുവെങ്കിലും സമീപ കാലങ്ങളിൽ ഇതിൽ 7 % വരെ കുറവ് വന്നിട്ടുള്ളതായി കാണുന്നു .
- സമുദ്രമേഖലയിൽ 222 മത്സ്യഗ്രാമങ്ങളും ഉൾനാടൻ മേഖലയിൽ 113 മത്സ്യബന്ധന ഗ്രാമങ്ങളുമാണുള്ളത്.കേരളത്തിൽ ഏകദേശം 1.90 ലക്ഷം കുടുംബങ്ങളിലായി 10 ലക്ഷത്തോളം മത്സ്യത്തൊഴിലാളി ജനസംഖ്യയുണ്ട്. സംസ്ഥാനത്തെ മൊത്തം മത്സ്യത്തൊഴിലാളികളിൽ 7.65 ലക്ഷം പേർ മറൈൻ സെക്ടറിലും 2.18 ലക്ഷം പേർ ഇൻലാൻഡ് സെക്ടറിലുമാണ് താമസിക്കുന്നത് .
- കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശം തീരപ്രദേശമാണ്.ഇത് സംസ്ഥാന ജനസംഖ്യയുടെ 25 ശതമാനമാണ്.തീരപ്രദേശത്തെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 2168 ആളുകളാണ്. ചതുരശ്ര കിലോമീറ്ററിന് 860 പേർ എന്നതാണ് സംസ്ഥാന ശരാശരിയായി കണക്കാക്കപെട്ടിട്ടുള്ളത്.

## സാമൂഹിക-സാമ്പത്തിക സർവ്വേ-2013-കണ്ടെത്തലുകൾ

### ഡ്രെയിനേജ് സൗകര്യം

ഭൂരിഭാഗം മത്സ്യഗ്രാമങ്ങളിലും ഡ്രെയിനേജ് സൗകര്യമില്ലെന്നു സർവ്വേ പഠനങ്ങൾ വ്യക്തമാക്കുന്നു.

### തൊഴിലില്ലായ്മ

മത്സ്യത്തൊഴിലാളി യുവാക്കൾക്കിടയിൽ 39.21% തൊഴിലില്ലായ്മ ഉള്ളതായി കാണുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവാക്കൾക്ക് മതിയായ ബദൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട് എന്ന് സർവ്വേ റിപ്പോർട്ട് വ്യക്തമാക്കുന്നു.

## കുടിവെള്ള വിതരണം

മിക്കവാറും എല്ലാ മത്സ്യ ഗ്രാമങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അതിനാൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുടിവെള്ള വിതരണം ഉറപ്പാക്കേണ്ടതുണ്ട്.

## ബാങ്ക് വായ്പകൾ

മത്സ്യത്തൊഴിലാളി കുടുംബത്തിലെ നിരവധി ആളുകൾ അടിയന്തിര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്നതിനായി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഭൂരിഭാഗം ആളുകളും ഭവന നിർമാണത്തിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം, മക്കളുടെ വിവാഹം എന്നിവയ്ക്കായി ഫണ്ട് ലഭ്യമാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## സാമൂഹിക-സാമ്പത്തിക സർവ്വേ 2013 -നിഗമനം

- വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല .
- ആളോഹരി വരുമാനം കുറവാണ് .
- സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മതിയായ വായ്പ പിന്തുണ ലഭിക്കുന്നില്ല .
- മത്സ്യബന്ധന സഹകരണ സംഘങ്ങളുടെ മതിയായ പങ്കാളിത്തം ലഭിക്കുന്നില്ല
- നിരക്ഷരതയും അവബോധമില്ലായ്മയും .
- ആരോഗ്യത്തെകുറിച്ചുള്ള അവബോധമില്ലായ്മ .
- ഭൂവുടമസ്ഥതിലുള്ള കുറവ്.